**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1841** **29-07-2021 - ൽ മറുപടിയ്ക്ക്**

**ജി. എസ്. ടി. നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ. റോജി എം. ജോൺ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2021 ജൂലൈ മാസത്തിൽ ജി.എസ്.ടി. നഷ്ടപരിഹാരമായി കേന്ദ്ര സർക്കാർ തുക അനുവദിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (എ) | 15.07.2021-ലെ കേന്ദ്ര സർക്കാർ ഉത്തരവ് പ്രകാരം ജൂലൈ മാസത്തിൽ Special Window Loan വഴി ജി.എസ്.ടി. നഷ്ടപരിഹാരമായി സംസ്ഥാനത്തിന് 2021-22 സാമ്പത്തിക വർഷത്തേക്ക് 4122.27 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| (ബി) | ജി.എസ്.ടി. നഷ്ടപരിഹാര ഇനത്തിൽ കേന്ദ്രത്തിൽ നിന്നും തുക ലഭിക്കാനുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ; | (ബി) | 2020-21-ലും, 2021-22 (2021 ജൂലൈ) വരെ സംസ്ഥാനത്തിന് ജി.എസ്.ടി. കോമ്പൻസേഷൻ ഇനത്തിൽ ലഭിച്ച തുകയുടെയും ബാക്കി ലഭിക്കാനുള്ള തുകയുടെയും വിവരം അനുബന്ധമായി ചേർക്കുന്നു. |
| (സി) | കേന്ദ്രം സംസ്ഥാനങ്ങൾക്ക് നൽകുന്ന ജി.എസ്.ടി. നഷ്ടപരിഹാര കാലയളവ് അവസാനിക്കാനിരിക്കേ ആയത് അഞ്ച് വർഷത്തേക്ക് കൂടി നീട്ടണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തെങ്കിലും ഉറപ്പ് കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടുണ്ടോ; | (സി) | ജി.എസ്.ടി. നഷ്ടപരിഹാരം 5 വർഷത്തിനുശേഷവും തുടരണമെന്ന് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ഡി) | ജി.എസ്.ടി. നടപ്പിലാക്കി നാല് വർഷം കഴിഞ്ഞിട്ടും കേരളത്തിന്റെ തനതുനികുതി വരുമാനം ഉയർത്താൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിന്റെ കാരണങ്ങൾ വെളിപ്പെടുത്താമോ? | (ഡി) | ജി.എസ്.ടി. നടപ്പിലാക്കിയതിന് ശേഷം സംസ്ഥാനത്തിന് നികുതി വരുമാനത്തിൽ വർദ്ധനവ് നേടാൻ സാധിച്ചിട്ടില്ല. ജി.എസ്.ടി നികുതിനിരക്ക് നിശ്ചയിച്ചിരുന്നത് വിവിധ സംസ്ഥാനങ്ങളിൽ വാറ്റ് കാലയളവിൽ നിലവിലുണ്ടായിരുന്ന നികുതി നിരക്കിന്റെ അടിസ്ഥാനത്തിൽ തിട്ടപ്പെടുത്തിയ റവന്യൂ ന്യൂട്രൽ റേറ്റ് പ്രകാരമാണ്. എന്നാൽ, ജി.എസ്.ടി. കൗൺസിലിന് മുമ്പാകെ വന്ന ആവശ്യങ്ങൾ പരിഗണിച്ച് നികുതിനിരക്കിൽ ഗണ്യമായ കുറവ് പിന്നീട് വരുത്തുകയുണ്ടായി. കേരളത്തിന്റെ വാറ്റ് നികുതി പിരിവിന്റെ സിംഹഭാഗവും 14.5%-മോ അതിനുമുകളിലോ നികുതിവിധേയമായ സാധനങ്ങളിൽ നിന്നുമാണ് |

| | | | |
|---|---|---|---|
| | | | ലഭ്യമായിരുന്നത്. ഇതിൽ ഭൂരിഭാഗത്തിന്റെയും നികുതിനിരക്ക് സംസ്ഥാന ജി.എസ്.ടി.യിൽ 14 ശതമാനമായി നിശ്ചയിച്ചിരുന്നത് ജി.എസ്.ടി. കൗൺസിൽ 9%, 6% എന്നീ നികുതിനിരക്കുകളിലേക്ക് കുറവ് ചെയ്യുകയുണ്ടായി. ഇത് സംസ്ഥാനം പ്രതീക്ഷിച്ച നികുതിപിരിവ് സാധ്യമാകാത്തതിനുള്ള പ്രധാന കാരണങ്ങളിലൊന്നാണ്. കൂടാതെ, അന്യ സംസ്ഥാനങ്ങളിൽ നിന്നും വാങ്ങുന്ന സാധനങ്ങളിൽ നൽകിയ ഐ.ജി.എസ്.ടി, എസ്.ജി.എസ്.ടി അടയ്ക്കുന്നതിലേക്ക് തട്ടിക്കിഴിക്കുന്നതിലെ കൃത്യമായ വിവരങ്ങൾ ജി.എസ്.ടി റിട്ടേൺ പൂർണ്ണമാകാത്തതിനാൽ യഥാസമയം ലഭ്യമായിരുന്നില്ല. ഇതും നികുതിപിരിവിനെ ഒരു പരിധി വരെ ബാധിച്ചിട്ടുണ്ട്. സംസ്ഥാനം അഭിമുഖീകരിച്ച തുടർച്ചയായ പ്രകൃതി ദുരന്തങ്ങളും തുടർന്ന് വന്ന Covid മഹാമാരിയും അതിനെ തുടർന്ന് ഉണ്ടായ lock down സാഹചര്യവും സംസ്ഥാനത്തിന്റെ നികുതി വരുമാനത്തെ പ്രതികൂലമായി ബാധിച്ചു. ജി.എസ്.ടി നടപ്പിലായതിനെത്തുടർന്ന് വാറ്റ് നികുതിപിരിവുമായി താരതമ്യം ചെയ്യുമ്പോൾ നികുതി പിരിവിൽ കാര്യമായ വർദ്ധനവ് ഉണ്ടായിട്ടില്ല. എന്നാലും 2015-16 സാമ്പത്തിക വർഷത്തെ നികുതി പിരിവിന്റെ അടിസ്ഥാനത്തിൽ 14% വാർഷിക വർദ്ധനവ് കണക്കാക്കി നികുതി പിരിവിലുണ്ടാകുന്ന കുറവ് കേന്ദ്ര സർക്കാർ നഷ്ടപരിഹാരമായി നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| F.Y | Protected Revenue (Cr) | Total Collection (Cr) | Compensation receivable (Cr) | Compensation received (Cr) | Balance (Cr) |
|---|---|---|---|---|---|
| 2020-21 | 32400 | 20255.15 | 12144.85 | 9800.83 | 2344.02 |
| 2021-22 | 9234 | 4445.37 | 4788.63 | 4122.27 | 666.36 |

**സെക്ഷൻ ഓഫീസർ**